LSGD-EPA3/189/2022-LSGD

സ.ഉ.(സാധാ) നം.2795/2022/LSGD

സ.ഉ.(സാധാ) നം.2795/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത് ആഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.രജിഷ കെ യുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രി, കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.2795/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P)No.144/2013/H&FWD നമ്പർ ഉത്തരവ്.
3. ശ്രീമതി.രജിഷ കെ യുടെ 05.10.2021-ലെ അപേക്ഷയും ബില്ലുകളും.
4. പഞ്ചായത്ത് ഡയറക്ടറുടെ 27.06.2022- ലെ PAN/195/2022- F2(DP) നമ്പർ കത്ത്.
5. പിണറായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.11.2021-ലെ 10/374/2021-ാം നമ്പർ തീരുമാനം.
6. ജില്ലാ മെഡിക്കൽ ഓഫീസറുടെ 01.06.2022-ലെ സി4/1436/2022 നം.കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത് ആഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി . രജിഷ കെ യുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രി , കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് നേരിട്ട ചികിൽസാ ചെലവിൽ 44,144/- രൂപയുടെ 80% ആയ 35,315/-(മുപ്പത്തി അയ്യായിരത്തി മുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക പിണറായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്ത്